ഉത്തരം

കാസർഗോഡ് ജില്ലയിലെ മധൂർ, പട്ല, ഷിരിബാഗിലു, മഞ്ചേശ്വരം താലൂക്കിലെ പുത്തൂർ, കണ്ണൂർ, കോയിപ്പാടി, ഇച്ചിലാംപെട്ടി, മൊഗറാൾ, കോടിബയൽ, മളിഞ്ച എന്നീ വില്ലേജുകളിൽ റീ-സർവ്വേ പൂർത്തിയാക്കി റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. കാസർഗോഡ് താലൂക്കിൽ 31 വില്ലേജുകളിലും ഹോസ്ദുർഗ് താലൂക്കിൽ 31 വില്ലേജുകളിലും മഞ്ചേശ്വരം താലൂക്കിൽ 41 വില്ലേജുകളിലും വെള്ളരിക്കുണ്ട് താലൂക്കിൽ 15 വില്ലേജുകളിലും റീ-സർവ്വേ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

**ആധാരത്തിൽ പറഞ്ഞതിലധികം അളവ് ഭൂമി**

**94 (2589)** ശ്രീ. ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വ്യക്തികൾ കൈവശം വച്ചുപോരുന്ന ഭൂമി അവരുടെ ആധാരങ്ങളിൽ പറഞ്ഞതിലധികം അളവ് വരുന്നുണ്ടെങ്കിൽ അധികമുള്ള അളവ് ഭൂമി ആധാരത്തിൽ ചേർക്കുന്നതിനായി നിലവിലുള്ള നടപടി ക്രമങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ആധാരത്തിൽ പറഞ്ഞതിലധികം ഭൂമി വ്യക്തികൾ കൈവശംവച്ച് വരുന്നുണ്ടെങ്കിൽ ബന്ധപ്പെട്ട വില്ലേജിലെ റീ-സർവ്വേ നടപടികൾ പൂർത്തിയാകുമ്പോൾ അധികമുള്ള വിസ്തീർണ്ണം റവന്യൂരേഖകളിൽ ഉൾപ്പെട്ട് വരുന്നതാണ്. എന്നാൽ നിലവിലുള്ള ആധാരത്തിൽ ടി ഭൂമികൂടി ചേർക്കുന്നതിനുള്ള നടപടികൾ ഈ വകുപ്പിൽ കൈകാര്യം ചെയ്യുന്നില്ല.

**ലീഗൽ മെട്രോളജിവകുപ്പിന്റെ ശാക്തീകരണം**

**95 (2590)** ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമവും ഫലപ്രദവുമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനായി വകുപ്പിൽ ഒരുക്കിയിട്ടുള്ള സാങ്കേതികവിദ്യകൾ എന്തെല്ലാമെന്നറിയിക്കുമോ ;

(സി) വകുപ്പിന്റെ ശാക്തീകരണത്തിനായി എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ :

ഉത്തരം

(എ - സി) ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമവും ഫലപ്രദവുമാക്കാൻ താഴെപ്പറയുന്ന നടപടികൾ വകുപ്പിൽ സ്വീകരിച്ചിട്ടുണ്ട്.

1. ഓട്ടോ എൽ.പി.ജി. പമ്പ് വെരിഫിക്കേഷൻ:

സംസ്ഥാനത്ത് നിലവിലുള്ള ഓട്ടോ ഗ്യാസ് എൽ.പി.ജി. പമ്പുകളുടെ കൃത്യത ഉറപ്പുവരുത്തുന്നതിനായി വെരിഫിക്കേഷനും സ്റ്റാമ്പിങ്ങും ആരംഭിച്ചു. ഓട്ടോ ഗ്യാസ് പമ്പുകളുടെ വെരിഫിക്കേഷൻ നടപ്പിലാക്കിയ ഇന്ത്യയിലെ അഞ്ചാമത്തെ സംസ്ഥാനമായി കേരളം മാറി. ഓട്ടോ എൽ.പി.ജി. വെരിഫിക്കേഷന് 9 എൽ.പി.ജി. വെരിഫിക്കേഷൻ കിറ്റുകൾ വാങ്ങിയിട്ടുണ്ട്.

2. കൊല്ലം ടാങ്കർ ലോറി കാലിബ്രേഷൻ യൂണിറ്റ്:

പെട്രോളിയം ഉത്പന്നങ്ങൾ ട്രാൻസ്പോർട്ടേഷൻ നടത്തുന്ന വെഹിക്കിൾ ടാങ്ക് അഥവാ ടാങ്കർ ലോറികളുടെ വെരിഫിക്കേഷനുകൾക്കായി കൊല്ലത്ത് പുതിയ ടാങ്കർ ലോറി കാലിബ്രേഷൻ യൂണിറ്റ് സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചു.

3. ഓട്ടോറിക്ഷാ മീറ്ററുകളുടെ പരിശോധന:

സാധാരണക്കാരുടെ വാഹനമായ ഓട്ടോറിക്ഷയുടെ യാത്രാചാർജ് കാണിക്കുന്ന ഓട്ടോറിക്ഷ/ടാക്സി ഫെയർ മീറ്ററുകളുടെ പുനഃപരിശോധന, ഇതുവരെ നടപ്പിലാക്കാതിരുന്നവ ഉൾപ്പെടെ, സംസ്ഥാനത്തെ എല്ലാ മുനിസിപ്പാലിറ്റികളിലും/കോർപ്പറേഷനുകളിലും ഓട്ടോറിക്ഷാ ഫെയർ മീറ്ററുകളുടെ പുനഃപരിശോധന നടപ്പിലാക്കി.

4. കോന്നിയിൽ ടാങ്കർ ലോറി കാലിബ്രേഷൻ യൂണിറ്റും ഓഫീസ് കെട്ടിടവും:

പത്തനംതിട്ട ജില്ലയിലെ കോന്നിയിലെ വകുപ്പിന് ലഭിച്ച സ്ഥലത്ത് 133.5 ലക്ഷം രൂപ മുടക്കി ടാങ്കർ ലോറി കാലിബ്രേഷൻ യൂണിറ്റും ഓഫീസ് കെട്ടിട നിർമ്മാണവും ആരംഭിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

5. സ്റ്റിഗ്മോമാനോമീറ്റർ കാലിബ്രേഷൻ യൂണിറ്റ്:

ആരോഗ്യമേഖലയിലെ മെഡോളജിക്കൽ ഉപകരണങ്ങളുടെ കൃത്യത ഉറപ്പു വരുത്തുന്നതിനായി ഇന്ത്യയിൽ ആദ്യമായി സ്റ്റിഗ്മോമാനോമീറ്റർ (ബി.പി. അപ്പാരറ്റസ്)-ന്റെ കാലിബ്രേഷൻ കേരളത്തിൽ നടപ്പിലാക്കാൻ പോകുന്നതിന് മുന്നോടിയായി ഇതിനായുള്ള വെരിഫിക്കേഷൻ യൂണിറ്റ് ലീഗൽ മെട്രോളജിയുടെ എറണാകുളം സെൻട്രൽ ലബോറട്ടറിയിൽ 16 ലക്ഷം രൂപ ചെലവിൽ സ്ഥാപിച്ചു.

6. എക്സ്.ആർ.എഫ്.മെഷീൻ:

സ്വർണ്ണാഭരണങ്ങളിലെ സ്വർണ്ണത്തിന്റെ പരിശുദ്ധി പരിശോധിക്കുന്ന വകുപ്പിന്റെ ഗോൾഡ് പ്യൂരിറ്റി ടെസ്റ്റിംഗ് ലാബിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി എക്സ്.ആർ.എഫ്. (എക്സറേ ഫ്ളൂറസെന്റ് സ്പെക്ട്രോമീറ്റർ) 50 ലക്ഷം രൂപ ചെലവിൽ സ്ഥാപിച്ചു. സ്വർണ്ണ ഉണമേന്മ ലാബിൽ ഫയർ അസേ മെതേഡിലും XRF മെഷീൻവഴിയും സ്വർണ്ണത്തിന്റെ പരിശുദ്ധി അളക്കുന്നു.

7. അളവുതൂക്ക ഉപകരണങ്ങളുടെ കൃത്യത ഉറപ്പുവരുത്താൻ ഹൈ ആക്കുറസി വർക്കിംഗ് സ്റ്റാൻഡേർഡ് ത്രാസുകൾ കീഴ് ഓഫീസുകൾക്ക് നൽകിയിട്ടുണ്ട്.

താലൂക്ക്തലത്തിൽ വകുപ്പിന്റെ ലാബുകൾ ശക്തിപ്പെടുത്തിയിട്ടുണ്ട്.

**വിലവിവര പട്ടിക പ്രദർശനം**

**96 (2591)** ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ പൊതുവിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഹോട്ടലുകൾ ഉൾപ്പെടെയുള്ള കച്ചവട സ്ഥാപനങ്ങളിൽ വിലവിവര പട്ടിക പ്രദർശിപ്പിക്കുന്നത് കർശനമാക്കിയിട്ടുണ്ടോ ;

(ബി) വിലവിവര പട്ടിക പ്രദർശനത്തിലൂടെ എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly